2024 AUGUST
27
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621


ബി.സി. ഭർട്ടിയ, പ്രവീൺ ഖണ്ടേൽവാൾ, എസ്.എസ്. മനോജ്

## കോൺഫറേഷൻ ഓഫ് ഇന്ത്യ ട്രേഡേഴ്സ് ഭാരവാഹികളെ തെരഞ്ഞെടുത്തു

**നാഗ്പൂർ:** നാഗ്പൂരിൽ നടക്കുന്ന കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് ദേശീയ സമ്മേളനത്തിൽ വച്ച് ബി.സി. ഭർട്ടിയെ ദേശീയ പ്രസിഡണ്ടായും ലോക്സഭ അംഗം കൂടിയായ പ്രവീൺ ഖണ്ടേൽവാളിനെ ദേശീയ സെക്രട്ടറി ജനറലായി വീണ്ടും തെരഞ്ഞെടുത്തു.

കേരളത്തിൽ നിന്നു സംസ്ഥാന സെക്രട്ടറി ജനറലും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡൻറുമായ എസ്.എസ്. മനോജ് ദേശീയ സെക്രട്ടറിയായി തുടരും.

പുതിയ ദേശീയ ചെയർമാനായി ബ്രിജ് മോഹൻ അഗർവാളിനെയും, ദേശീയ എക്സിക്യൂട്ടീവ് ചെയർമാനായി സുഭാഷ് ചന്ദ്ര അഗർവാലിയെയും, വൈസ് ചെയർമാൻമാരായി സത്യഭൂഷൺ ജെയിൻ, ആർ.പി. ഖേത്താൻ, ലളിത് ഗാന്ധി, ഘനശ്യാം ഗർഗ്, കൈലാഷ് ലഘ്യാനി, സീമാ സേത്തി എന്നിവരെയും സീനിയർ വൈസ് പ്രസിഡൻറ്മാരായി എ.എം. വിക്രം രാജ, അമർ പർവാണി, ധൈര്യശീൽ പാട്ടീൽ, എം. ശിവശങ്കർ എംഎൽഎ, പ്രകാശ് ബെയ്ദ് എന്നിവരെയും, വൈസ് പ്രസിഡൻറുമാരായി നീരജ് ആനന്ദ്, സുരേഷ് പട്ടോടിയ, ജിതേന്ദ്ര ഗാന്ധി, പ്രസൻ ചന്ദ് മേത്ത, കമൽ മപാനി, രമേശ് ഗുപ്ത, കാജൽ ആനന്ദ്, പൂനം ഗുപ്ത, രൂപം ഗോസ്വാമി, നരേഷ് രാവത്ത്, ഗോകുൽ മഹേശ്വർ എന്നിവരേയും, ജോയിൻറ് ജനറൽ സെക്രട്ടറിമാരായി സഞ്ജയ് പട്വാരി, സുമിത് അഗർവാൾ പങ്കജ് അറോറ, രാജ്കുമാർ എന്നിവരെയും സെക്രട്ടറിമാരായി എസ്.എസ്. മനോജ്, ഗണേശ് റാം, സുരേഷ് സോന്താലിയ, സംഗീത ജയിൻ, തിലക് രാജ് അറോറ, ശങ്കർ താക്കർ, അക്ഷയ് ഖണ്ടേൽവാൽ എന്നിവരേയും, ഓർഗനൈസിങ് സെക്രട്ടറിയായി ഭൂഭേന്ദ്ര ജെയിനിനെയും, റീജ്യനൽ കോഓർഡിനേറ്റർമാരായി സിദ്ദി ജയിൻ, സി. ബാലസുബ്രഹ്മണ്യം, നവനീത് ഗോയൽ എന്നിവരെയും, ട്രഷററായി വിജയ് ബുദി രാജയെയും തെരഞ്ഞെടുത്തു.

കേരള സംസ്ഥാന പ്രസിഡൻറ് പി. വെങ്കിട്ടരാമ അയ്യർ ജിഎസ്ടി സെൽ കൺവീനറായും സംസ്ഥാന വൈസ് പ്രസിഡൻറ് സതീഷ് വസന്തിനെ ദേശീയ ഗവേണിംഗ് കൗൺസിൽ അംഗമായും തെരഞ്ഞെടുക്കപ്പെട്ടു.

## ബലുചിസ്ഥാനിൽ ഭീകരാക്രമണങ്ങളിൽ 33 മരണം

**കറാച്ചി:** പാക്കിസ്ഥാനിലെ ബലുചിസ്ഥാനിൽ ആയുധധാരികൾ നടത്തിയ രണ്ടു വ്യത്യസ്ത ആക്രമണങ്ങളിൽ 33 പേർ കൊല്ലപ്പെട്ടു. മുസാഖേൽ ജില്ലയിലുണ്ടായ ആക്രമണത്തിൽ പഞ്ചാബ് പ്രവിശ്യയിൽനിന്നുള്ള 23 പേരാണു കൊല്ലപ്പെട്ടത്. ആയുധധാരികൾ ഇവരെ ബസിൽനിന്നു പിടിച്ചിറക്കി തിരിച്ചറിയൽരേഖ പരിശോധിച്ചാണു കൊലപ്പെടുത്തിയത്. ഇവരിൽ പലരും തെക്കൻ പഞ്ചാബിൽനിന്നുള്ളവരാണ്. ഖൈബർ പഖ്തുഖയിൽനിന്നുള്ള ചിലരും കൊല്ലപ്പെട്ടവരിൽപ്പെടുന്നു.



ഖലാത് ജില്ലയിലുണ്ടായ ആക്രമണത്തിൽ 10 പേരാണ് കൊല്ലപ്പെട്ടത്. ഇതിൽ നാലു പൊലീസുകാരും ഉൾപ്പെടുന്നു. ഓഗസ്റ്റ് 24ന് രാത്രിയിലാണ് ബലുചിസ്ഥാനിലെ വിവിധ കേന്ദ്രങ്ങളിൽ ആക്രമണം ഉണ്ടായതെന്ന് സുരക്ഷാ സേനയെ ഉദ്ധരിച്ച് പാക്ക് മാധ്യമമായ ജിയോ ന്യൂസ് റിപ്പോർട്ട് ചെയ്തു. മുസാഖേലിലെ ദേശീയപാതയിൽ 12 വാഹനങ്ങൾ ഭീകരർ അഗ്നിക്കിരയാക്കുകയും ചെയ്തു. മറ്റൊരു ആക്രമണത്തിൽ ബോലാനിലെ ഡോസാൻ മേഖലയിൽ റെയിൽവേ പാലം തകർന്നു.

പാക്കിസ്ഥാനിലെ ഏറ്റവും വലിയ പ്രവിശ്യയാണെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ തീരെ വികസിച്ചിട്ടില്ലാത്ത മേഖലയാണിത്. മേഖലയിൽ ജോലി ചെയ്യുന്ന പഞ്ചാബികൾക്കും സിന്ധികൾക്കും നേർക്ക് ബലൂച് വിഘടനവാദികൾ ആക്രമണം കടുപ്പിക്കാറുണ്ട്. വിദേശ കമ്പനികൾക്കുനേരെയും ആക്രമണം ഉണ്ടാകാറുണ്ട്. പ്രവിശ്യയെ പരിഗണിക്കാതെ അവിടെനിന്നു ലഭിക്കുന്നത് മറ്റു നാട്ടുകാർ വേണ്ടി ഉപയോഗിക്കുന്നുവെന്നാണ് ഇവരുടെ പരാതി. ആക്രമണങ്ങളുടെ ഉത്തരവാദിത്തം ബലൂച് ലിബറേഷൻ ആർമി (ബിഎൽഎ) ഏറ്റെടുത്തു. പ്രസിഡന്റ് ആസിഫലി സർദാരിയും പ്രധാനമന്ത്രി ഷെഹബാസ് ഷരീഫും ആക്രമണത്തെ അപലപിച്ചു. കഴിഞ്ഞ വർഷം മാത്രം 170 ഭീകരാക്രമണങ്ങൾ ബലൂചിസ്ഥാനിൽ ഉണ്ടായിട്ടുണ്ടെന്നാണ് കണക്കുകൾ. 151 സാധാരണക്കാരാണ് ഇതിൽ കൊല്ലപ്പെട്ടത്. 114 സുരക്ഷാ ജീവനക്കാരും മരിച്ചു

## സ്ത്രീകൾക്കെതിരായ അതിക്രമം 2023ൽ 18,980 കേസുകൾ

**തിരുവനന്തപുരം:** പദ്ധതികൾ പലതുമുണ്ടായിട്ടും സത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയുന്നില്ലെന്ന കണക്കുകൾ പുറത്ത്. 2016 മുതൽ 2023 വരെയുള്ള കാലത്ത് ഏറ്റവുമധികം കുറ്റകൃത്യം നടന്നത് 2023ലാണ് 18,980. 2021 വരെ 16,199 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. 2022 ആയപ്പോൾ കേസുകളുടെ എണ്ണത്തിൽ വൻ വർധന വന്നു 18,943. കഴിഞ്ഞ വർഷം 2562 പീഡനക്കേസുകളാണ് റജിസ്റ്റർ ചെയ്തിരിക്കുന്നത്. അതേസമയം, ഈ വർഷം ജൂൺ വരെ 1338 കേസുകളും റജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഭർത്താക്കന്മാരും ബന്ധുക്കളും ഉപദ്രവിച്ചെന്ന കേസുകളുടെ കാര്യത്തിലും 2021 മുതൽ വൻ വർധന രേഖപ്പെടുത്തിയിട്ടുണ്ട്. 2020ൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഇത്തരം കേസുകളുടെ എണ്ണം 2707 ആയിരുന്നെങ്കിൽ 2021 ആയപ്പോൾ അത് 4997 ആയി ഉയർന്നു. 2022ൽ 4998, 2023ൽ 4710 ആയി. ഈ വർഷം ജൂൺ വരെ 2327 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.

2016ൽ 25 സ്ത്രീധനപീഡന മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2017ൽ 12, 2018ൽ 17, 2019ൽ 8, 2020ൽ 6, 2021ൽ 9, 2022ൽ 11, 2023ൽ 8, ഈ വർഷം ജൂൺ വരെ 3 കേസുകൾ എന്നിങ്ങനെയാണ് റജിസ്റ്റർ ചെയ്തിരിക്കുന്നത്.

## വയനാടിന് 10 കോടി രൂപ നൽകി യുപി സർക്കാർ

**തിരുവനന്തപുരം:** ഉരുൾപൊട്ടലുണ്ടായ വയനാട്ടിലെ പുനരധിവാസ പ്രവർത്തനത്തിന് സഹായധനമായി ഉത്തർപ്രദേശ് സർക്കാർ പത്തു കോടി രൂപ അനുവദിച്ചു. യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനെയാണ് ഇക്കാര്യം അറിയിച്ചത്. വയനാട്ടിലെ പുനരധിവാസ പ്രവർത്തനത്തിന് സഹായം അഭ്യർഥിച്ച് ഗവർണർ കഴിഞ്ഞ ദിവസം കത്ത് അയച്ചിരുന്നു. ഉത്തർപ്രദേശിലെ ജനങ്ങളും സർക്കാരും കേരളത്തിനൊപ്പമാണെന്ന് ഗവർണർക്ക് അയച്ച മറുപടി കത്തിൽ യോഗി ആദിത്യനാഥ് പറഞ്ഞു.

### ലഡാക്കിന് അഞ്ച് ജില്ലകൾ കൂടി
## കലക്ടർമാരും ഓഫിസുകളും വരും; അടിസ്ഥാന സൗകര്യങ്ങളും വികസിക്കും

**ന്യൂഡൽഹി:** കേന്ദ്രഭരണ പ്രദേശമായ ലഡാക്കിന് പുതിയ അഞ്ച് ജില്ലകൾ കൂടി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായാണ് ഇതുസംബന്ധിച്ച തീരുമാനം എക്സിലൂടെ അറിയിച്ചത്. ലഡാക്കിനെ പ്രധാനമന്ത്രിയുടെ സ്വപ്നംപോലെ വികസിതവും സമൃദ്ധവുമാക്കാനുള്ള നടപടികളുടെ ഭാഗമായാണു പുതിയ ജില്ലകൾ രൂപീകരിച്ചതെന്നാണ് അമിത് ഷായുടെ കുറിപ്പിൽ പറയുന്നത്. സൻസ്കാർ, ദ്രാസ്, ഷാം, നുബ്ര, ചാങ്താങ് എന്നിങ്ങനെയാണു ജില്ലകളുടെ പേരുകൾ.

നിലവിൽ ലേ, കാർഗിൽ എന്നീ ജില്ലകൾ മാത്രമാണുണ്ടായിരുന്നത്. ഇവ രണ്ടും സ്വയം ഭരണാധികാരമുള്ള ജില്ലാ ഭരണകൂടമാണു ഭരിച്ചിരുന്നത്. പുതിയ ജില്ലകൾകൂടി വരുന്നതോടെ ലഡാക്കിലെ ജില്ലകളുടെ എണ്ണം 7 ആകും. 2019 ഓഗസ്റ്റ് അഞ്ചിനാണ് ജമ്മു കശ്മീരിനെ വിഭജിച്ച് ജമ്മു കശ്മീർ, ലഡാക്ക് എന്നിങ്ങനെ രണ്ടു കേന്ദ്രഭരണ പ്രദേശങ്ങളാക്കി മാറ്റിയത്. ജമ്മു കശ്മീരിനു പ്രത്യേക അധികാരം നൽകുന്ന ആർട്ടിക്കിൾ 370 റദ്ദാക്കുകയും ചെയ്തിരുന്നു.



Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation

KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY



കാലത്തിന്റെ സ്വർണ്ണനൂൽ : ആഘോഷത്തിന്റെ 1200 വർഷങ്ങൾ എന്ന പ്രദർശനം എറണാകുളം ദർബാർ ഹാൾ ആർട്ട് ഗ്യാലറിയിൽ ഉദ്ഘാടനം ചെയ്ത ശേഷം മന്ത്രി പി. രാജീവ് പ്രദർശനം കാണുന്നു. ജിൻസൺ എബ്രഹാം, ദിനു എലിസബത്ത് റോയി തുടങ്ങിയവർ സമീപം

## കാലത്തിന്റെ സ്വർണ്ണനൂൽ

# ആഘോഷത്തിന്റെ 1200 വർഷങ്ങൾ: പ്രദർശനം തുടങ്ങി

**കൊച്ചി:**കേരളത്തിന്റെ കർഷക പാരമ്പര്യത്തെയും പുരാതന കൊല്ലവർഷം കലണ്ടറിനെയും അടയാളപ്പെടുത്തുന്ന കാലത്തിന്റെ സ്വർണ്ണനൂൽ : ആഘോഷത്തിന്റെ 1200 വർഷങ്ങൾ എന്ന പ്രദർശനത്തിന് എറണാകുളം ദർബാർ ഹാൾ ആർട്ട് ഗ്യാലറിയിൽ തുടക്കമായി. മന്ത്രി പി. രാജീവ് പ്രദർശനം ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ പാരമ്പര്യത്തെ അടയാളപ്പെടുത്തുന്നതാണ് പ്രദർശനമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു.

കഠിനമായ ജീവിത യാഥാർഥ്യങ്ങളെ വരച്ചു കാട്ടുന്നതാണ് പ്രദർശനത്തിലെ ചിത്രങ്ങളെന്നും മന്ത്രി പറഞ്ഞു. ഡെസ്ക് ടോപ്പ് കൊല്ലവർഷ കലണ്ടറും ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു.പ്രദർശനത്തിന്റെ ക്രിയേറ്റീവ് ഡയറക്ടറും ഫോട്ടോഗ്രാഫറുമായ ജിൻസൺ എബ്രഹാം ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോസ്റ്റ്യൂം ആന്റ് സ്റ്റൈലിംഗ ഡിസൈനർ ഹബേല ജോസഫ്, ആർട്ട് ഡയറക്ടർ മാളവിക രാജീവ്, കലണ്ടറിന്റെ ഉൽപ്പന്ന പാക്കേജിംഗ് നിർവ്വഹിച്ചിരിക്കുന്ന നിധി ജേക്കബ്ബ്. കോസ്റ്റ്യൂം പ്രൊഡക്ഷൻ ദിനു എലിസബത്ത് റോയി, മോഡൽ അതുല്യ രവീന്ദ്രകുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കൊല്ലവർഷം കലണ്ടറും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ആണിക്കല്ലായിരുന്ന കയർ ഉൽപ്പാദനവും അടിസ്ഥാനമാക്കി ഫോട്ടോഗ്രാഫിയും പെയിന്റിംഗും ചേർത്ത് തയ്യാറാക്കിയിട്ടുള്ള കലാസൃഷ്ടിയാണ് പ്രദർശനത്തിലുള്ളത്. മറന്നുപോയ മലയാള അക്കങ്ങളെ ഓർമ്മപ്പെടുത്തുകയെന്നതാണ് കൊല്ലവർഷ കലണ്ടറിലൂടെ ഉദ്ദേശിക്കുന്നത്. പഴയലിപിയിലുള്ള ഒന്നു മുതൽ ഒമ്പതുവരെയുള്ള അക്കങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയിരിക്കുന്ന കൊല്ലവർഷ കലണ്ടർ പുതിയ രീതിയിൽ തയ്യാറക്കി അവതരിപ്പിച്ചിരിക്കുകയാണ്.

ചുവർചിത്ര കലാകാരന്മാരെ ഉപയോഗിച്ച് കൈകൊണ്ടു വരച്ചാണ് 12 മാസങ്ങൾ അടങ്ങിയ കൊല്ലവർഷ കലണ്ടർ നാലടി വലുപ്പമുള്ള ക്യാൻവാസിൽ തയ്യാറാക്കിയിരിക്കുന്നത്.

ബിൽബോർഡ് കലാകാരന്മാരായ പ്രമോദ്,നരേന്ദ്രൻ, മനോജ് എന്നിവർ മൂന്നാഴ്ചകൊണ്ടാണ് കലണ്ടർ വരച്ച് തയ്യാറാക്കിയത്. കയർ തൊഴിലാളികളോടുള്ള ആദരസൂചകമായി കയർ ആണ് കലണ്ടറിന്റെ തീം ആയി എടുത്തിട്ടുള്ളത്.

# ഹൃദയ പരിചരണത്തിന് ഇനി ആർട്ടിഫിഷ്യൽ ഇന്റലിജൻസും വ്യക്തിഗത ചികിത്സയും: ഐ.സി.സി

**കൊച്ചി:** ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ചാപ്റ്ററിന്റെ വാർഷിക സമ്മേളനം കൊച്ചിയിലെ ഹോട്ടൽ ഹോളിഡേ ഇന്നിൽ നടന്നു.ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. വിനോദ് തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.ഹൃദ്രോഗ മരണനിരക്ക് ആഗോള തലത്തിൽ ഏറെ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ പ്രതിരോധ മേഖലയുടെ പ്രസക്തി വളരെ വലുതാണെന്ന് വിനോദ് തോമസ് പറഞ്ഞു. ഹൃദ്രോഗ ഘടകങ്ങൾ, പുതിയ ഗവേഷണങ്ങൾ, നവീന രോഗനിർണ്ണയ ചികിത്സാ രീതികൾ, പ്രായോഗിക പരിജ്ഞാനം പങ്കിടൽ എന്നിവ സുപ്രധാനമാണ്. ഈ ലക്ഷ്യം കൈവരിക്കാനാണ് സമ്മേളനം ശ്രമിക്കുന്നെതെന്ന് അദ്ദേഹം പറഞ്ഞു.ഐസിസി കേരള ചാപ്റ്റർ പൊതുജന ബോധവൽക്കരണത്തിലൂടെയും പരിശീലന പരിപാടികൾ വഴിയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലുടനീളം സി.പി.ആർ പരിശീലനവും അടിസ്ഥാന ലൈഫ് സപ്പോർട്ട് പദ്ധതിയും നടപ്പിലാക്കി. 2000ലധികം സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി, ഡോ.വിനോദ് തോമസ് പറഞ്ഞു.ഐസിസി ദേശീയ പ്രസിഡന്റ് ഡോ.ബി.സി.ശ്രീനിവാസ് മുഖ്യപ്രഭാഷണം നടത്തി.ഐസിസി കേരള ചാപ്റ്റർ വൈസ് പ്രസിഡന്റ് ഡോ. സുരേഷ് കെ, സെക്രട്ടറി ഡോ. അനിൽ റോബി, ഡോ.അർഷാദ് എം, ഓർഗനൈസിങ് ചെയർമാൻ ഡോ. രാജേഷ് ടി, ഓർഗനൈസിങ് സെക്രട്ടറി ഡോ.രഞ്ജുകുമാർ ബി.സി. എന്നിവർ സംസാരിച്ചു.അത്യന്താധുനിക കത്തീറ്റർ ചികിത്സകൾ, ഹൃദയവാൽവ് തകരാറുകൾ, പേസ്മേക്കറുകൾ എന്നിവയും, ചികിത്സയുടെ മാർഗ്ഗരേഖകളും വിശദീകരിക്കുന്ന ചർച്ചകളും സമ്മേളനത്തിൽ നടന്നു.നാന്നൂറിലധികം വിദഗ്ദ്ധ കാർഡിയോളജിസ്റ്റുകൾ സമ്മേളനത്തിൽ പങ്കെടുത്തു.



# ഐഎഫ് എഫ് ഫാഷൻ എക്സ്പോയുടെ മൂന്നാം പതിപ്പിന് തിരശീല ഉയരുന്നു

**കൊച്ചി:** ഇന്ത്യൻ ഫാഷൻ ഫെയറിന് കീഴിൽ ഒരുങ്ങുന്ന മൂന്നാമത്തെ ഫാഷൻ എക്സ്പോ 2025 ജനുവരി 7,8,9 തിയ്യതികളിലായി എറണാകുളം, അങ്കമാലിഅഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടക്കും. അന്താരാഷ്ട്ര ബ്രാൻഡുകൾ അടക്കമുള്ള നൂറിൽ പരം ബ്രാൻഡുകൾ 180 ഓളം സ്റ്റാളുകളിലായി പ്രദർശനത്തിന്എത്തുന്ന ഐഎഫ്എഫ് ഫാഷൻ എക്സ്പോ 2025 ന്റെ ലോഗോ പ്രകാശനം കെ.ടി.ജി.എ സംസ്ഥാന പ്രസിഡന്റും കല്യാൺ സിൽക്ക്സ് ചെയർമാനുമായ ടി.എസ്പട്ടാഭിരാമൻ നിർവഹിച്ചു.കെടിജിഎ വയനാട് സഹായ നിധിയിലേക്ക് ഐഎഫ്എഫ് നൽകുന്ന 5ലക്ഷം രൂപയുടെ ചെക്കും ഐഎഫ്എഫ് സംഘാടക സമിതിയിൽ നിന്നും അദ്ദേഹം ഏറ്റുവാങ്ങി.കുട്ടികളുടെയും സ്ത്രീകളുടെയും പുരുഷൻമാരുടെയും ആകർഷകമായ ഫാഷൻ ഷോകൾ, താര നിബിഡമായ അവാർഡ് നൈറ്റ്, സാംസ്കാരിക പരിപാടികൾ എന്നിവയുംഎക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.കാലിക്കറ്റ് ട്രേഡ് സെന്ററിൽ വച്ച് സംഘടിപ്പിച്ച കെ ടി ജി എ കോഴിക്കോട് ജില്ലാ സമ്മേളനത്തിനിടെ നടന്ന ചടങ്ങിൽ മുജീബ് ഫാമിലി (ഫാമിലി വെഡിങ്), ബീന കണ്ണൻ (ശീമാട്ടി), ബാപ്പു ഹാജി (സിന്ദൂർ സിൽക്ക്സ്), ജോഹർ ടാംടൺ (സിൽക്കി വെഡിങ്), പി.എസ് സിറാജ് (പ്രീതി സിൽക്സ്), ബാരി (ഫാമിലി വെഡിങ്),കലാം (സീനത്ത് സിൽക്സ്) എന്നിവരും ടൈറ്റിൽ സ്പോൺസറായ ബോഡി കെയറിനെ പ്രധിനിധീകരിച്ച് എ. എസ്.എം ആർ.എസ് രാജു, സോമൻ, കോ സ്പോൺസേർസ് ആയ ബ്ലോസ്സത്തിനെപ്രധിനിധീകരിച്ച് മാർക്കറ്റിങ് മാനേജർ ശ്യാം, നോർത്ത് കേരള എ. എസ്.എം രഥൻ ജിത്ത് , മംമ്സ് കെയറിനെ പ്രധിനിധീകരിച്ച് മാനേജിങ് ഡയറക്റ്റർ സജിമോൻ, മാർക്കറ്റിങ്ഹെഡ് അർജുൻ എന്നിവരും പങ്കെടുത്തു.




# സൗദ് ബവൻ എക്സ്എം ബ്ലോയിസ് വാർഷിക സംഗമം

**ആലുവ :** കഴിഞ്ഞ മൂന്ന് വർഷം 2,70,000 സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞതായും 2,80,000 തൊഴിൽ നൽകാൻ കഴിഞ്ഞതായും മന്ത്രി പി.രാജീവ് പറഞ്ഞു. സൗദ് ബവൻ എക്സ്എം ബ്ലോയിസ് വാർഷിക സംഗമം ആലുവ മഹനമി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.കൂടാതെ 245 നിക്ഷപകർ മുഖേന 12,000 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞതായും ഇത് മൂന്ന് വർഷം കൊണ്ട് 30,000 കോടിയാക്കി മാറ്റാൻ കഴിഞ്ഞു വിടുകളിൽ സംരംഭം തുടങ്ങാൻ എല്ലാം പഞ്ചായത്തുകൾ വഴി ലൈസൻസ് നൽകുമെന്നും മന്ത്രി കുട്ടി ചേർത്തു. ചടങ്ങിൽ സംഘടനാ പ്രസിഡന്റ് ചാൾസ് ഗോൺസാൽവസ് അദ്ധ്യക്ഷത വഹിച്ചു തങ്ങൾ 30 കൊല്ലം വിദേശത്ത് ജോലി ചെയ്ത തൊഴി . ദാദാവിനെ ഓർമ്മിക്കുന്ന ഓർമ്മ ദിനമായും ഒപ്പം ചാരിറ്റബിൾ സൊസൈറ്റിക്ക് രൂപം നൽകിയതായും അദ്ധ്യക്ഷൻ പറഞ്ഞു ചടങ്ങിൽ മെമ്പർഷിപ്പ് വിതരണവും സർട്ടിഫിക്കറ്റ് വിതരണവും ചാരിറ്റബിൾ സൊസൈറ്റി സ്വാഗത സംഘ രൂപീകരണവും നടന്നു. സംഘടന സെക്രടറി ഗിരീഷ് കുമാർ,യുസഫ് തുടങ്ങിയവർ സംസാരിച്ചു.

# ചെണ്ടുമല്ലി കൃഷി: വിളവെടുപ്പ് ഇന്ന്

**കിഴക്കമ്പലം :** പഴങ്ങനാടിന്റെ പ്രകൃതിയെ മനോഹരമാക്കി കൃഷി ചെയ്ത ചെണ്ടുമല്ലി പൂക്കൾ വിളവെടുപ്പ് ഇന്ന് രാവിലെ 1030 ന് നടക്കു. കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ്15 ലാണ് ഒരു ഏക്കറോളം വരുന്ന സ്ഥലത്ത് ചെണ്ടുമല്ലി പൂക്കൾ കൃഷി ചെയ്തിരിക്കുന്നത്. പൂക്കളുടെ വിളവെടുപ്പ് രാവിലെ വാർഡിലെ പാടിയിൽ നടക്കും. ചടങ്ങിൽ വാർഡ് മെമ്പർ ഷീബ ടീച്ചർ, പഴങ്ങനാട് സെന്റ് അഗസ്റ്റിൻസ് പള്ളി വികാരി ഡോ. പോൾ കൈ പ്രംപാടൻ വർഗ്ഗീസ് ഐസക്ക് (എക്സ് കമ്മിഷണർ ), ടന്റി 20യുടെ ഭാരവാഹികൾ പഞ്ചായത്ത് ജനപ്രതിനിധികൾ, കമ്മറ്റി ഭാരവാഹികൾ , തൊഴിലുറപ്പ്. കുടുബശ്രീ പ്രവർത്തകർ, കൃഷി ഭവൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും .കുടുബശ്രീ ,കൃഷിഭവൻ,തൊഴിലുറപ്പ് പ്രവർത്തകരുടെ പങ്കാളിത്തത്തോടെയാണ് ചെണ്ടുമല്ലികൃഷി നടത്തിയത്. 85 ദിവസം കൊണ്ടാണ് ചെണ്ടി മല്ലി വിരിഞ്ഞത് ഈ പൂക്കൾ ഓണത്തോടന്നു ബന്ധിച്ച് പഞ്ചായത്തിലെ വാർഡുകളിൽ വിതരണം ചെയ്യും




# ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി നടപ്പിലാക്കണം: മാർ റാഫേൽ തട്ടിൽ

**പാലാ:** ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യണമെന്ന് സീറോ മലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പറഞ്ഞു. സീറോമലബാർസഭ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ സമാപനം കുറിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിലാണ് മേജർ ആർച്ചുബിഷപ് ഇക്കാര്യം ആവശ്യപ്പെട്ടത്. കേരളത്തിലെ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനെ വലിയ ആവേശത്തോടെയാണ് ക്രൈസ്തവ സമൂഹം വരവേറ്റത്.

സംസ്ഥാന ചരിത്രത്തിൽ ഇതിനുമുമ്പ് ക്രൈസ്തവ ജനവിഭാഗങ്ങളുടെ വിവിധ മേഖലകളിലെ പിന്നാക്കാവസ്ഥ സംബന്ധിച്ച് ഗൗരവമായ പരിശോധനകളോ പരിഗണനകളോ ഉണ്ടായിരുന്നില്ല എന്നത് ക്രിസ്ത്യൻ ന്യൂനപക്ഷത്തെ സംബന്ധിച്ച് ഈ കമ്മീഷന്റെ പ്രസക്തി വർധിപ്പിച്ചു. സീറോമലബാർസഭ വ്യക്തമായ പഠനങ്ങളുടെയും ശാസ്ത്രീയമായ വിലയിരുത്തലുകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ പിന്നാക്കാവസ്ഥ സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി കമ്മീഷന് സമർപ്പിച്ചിരുന്നു. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ അഞ്ഞൂറിലധികം നിർദ്ദേശങ്ങളടങ്ങുന്ന ഒരു റിപ്പോർട്ടാണ് സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. 2023 മെയ് 18നു സമർപ്പിക്കപ്പെട്ട റിപ്പോർട്ട് സംസ്ഥാന സർക്കാർ ഇതു പുറത്തുവിടുകയോ, നിയമസഭയിൽ ചർച്ചയ്ക്കു വയ്ക്കുകയോ, ക്രൈസ്തവ സഭകളുമായി ആലോചിച്ച് തുടർനടപടികൾക്ക് തയ്യാറാവുകയോ ചെയ്യാതെ മെല്ലെപ്പോക്ക് നയം സ്വീകരിക്കുന്നതു നീതീകരിക്കാനാവില്ല. സംസ്ഥാന സർക്കാർ ആത്മാർത്ഥവും കാര്യക്ഷമവുമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് മാർ റാഫേൽ തട്ടിൽ സർക്കാരിനോട് ആവശ്യപ്പെട്ടു.

കേരളത്തിലെ ജനങ്ങളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണിയായി നിൽക്കുന്ന മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചുള്ള ആശങ്കകൾ പരിഹരിക്കാൻ ഫലപ്രദവും സത്വരവുമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും മേജർ ആർച്ചുബിഷപ് ആവശ്യപ്പെട്ടു.

തമിഴ്നാടിനു വെള്ളവും കേരളത്തിന് സുരക്ഷയുമെന്ന നിലപാടുമായി സർക്കാർ മുന്നോട്ടുപോകണമെന്നും മാർ റാഫേൽ തട്ടിൽ കൂട്ടിച്ചേർത്തു.



ആലുവയിൽ അട്രാക് സംഘടിപ്പിച്ച ആലുവ താലൂക്ക് സമഗ്ര വികസന സെമിനാർ എം പി അഡ്വ ജെബി മേത്തർ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ കെ എം ജമാലുദ്ദീൻ,ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ആലുവ എം എൽ എ അൻവർ സാദത്ത്,ആലുവ മുനി. ചെയർമാൻ എം ഒ ജോൺ, ഡോ സി എം ഹൈദരാലി, എം സുരേഷ്,ബാബു കെ വർഗീസ് എന്നിവർ സമീപം

# ആലുവ താലൂക്കിന് സമഗ്ര വികസന രേഖയുമായി അട്രാക്

**ആലുവ:** ആലുവ താലൂക്ക് റെസിഡന്റ്സ് അസോസിയേഷൻസ് അപെക്സ് കൗൺസിലിന്റെ (അട്രാക്)ആഭിമുഖ്യത്തിൽ ആലുവ കാർഷിക സഹകരണ ബാങ്ക് ഹാളിൽ നടത്തിയ ആലുവ താലൂക്ക് വികസന സെമിനാർ എം പി അഡ്വ. ജെബി മേത്തർ ഉദ്ഘാടനം ചെയ്തു. സെമിനാറിൽ താലൂക്ക് സമഗ്ര വികസന രൂപ രേഖ അവതരിപ്പിച്ചു.

വികസന രേഖ പരാമർശിച്ച മുപ്പതോളം വികസനഇനങ്ങളിൽ ചർച്ച നടന്നു.എൻ എച്ച് 544 ൽ ഇടപ്പള്ളി മുതൽ കറുകുറ്റി വരെ നീളുന്ന ഇലവേറ്റഡ് ഹൈവേ, ശബരി പാത,ചെങ്ങൽ തോട് മാഞ്ഞാലി തോടുമായി ബന്ധിപ്പിച്ചു എയർപോർട്ടിന് വെള്ളപ്പൊക്കത്തിൽ നിന്ന് സുരക്ഷ, വാട്ടർ ടൂറിസം പദ്ധതി,വാട്ടർ മെട്രോ,നൈറ്റ് ഷോപ്പിംഗ്, മെട്രോ റെയിൽ, റെയിൽവേ വികസനം,റോഡ് ഗതാഗതം മുതലായവ അവയിൽ ഉൾപ്പെടുന്നു.ഈ വികസന രൂപരേഖയുമായി ബന്ധപ്പെട്ട് ഇനിയും വിദഗ്ധ പഠനങ്ങളും ചർച്ചകളും സംഘടിപ്പിക്കുമെന്ന് യോഗത്തിൽ ഭാരവാഹികൾ അറിയിച്ചു.

അട്രാക് താലൂക്ക് പ്രസിഡന്റ് അഡ്വ കെ എം ജമാലുദ്ദീൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആലുവ എം എൽ എ അൻവർ സാദത്ത് മുഖ്യ പ്രഭാഷണം നടത്തി,ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മനോജ് മൂത്തേടൻ, ആലുവ മുനിസിപ്പൽ ചെയർമാൻ എം ഒ ജോൺ, ബാബു കെ വർഗീസ്, എ എം അശോകൻ,ഡോ സി എം ഹൈദരാലി, കെ ജയപ്രകാശ്, എം സുരേഷ് എന്നിവർ സംസാരിച്ചു

# ആരോഹൻ: 22 ദക്ഷിണേന്ത്യൻ നഗരങ്ങളിലേക്ക് കൂടി വിപുലീകരിച്ച് മാക്സ് ലൈഫ്

**കൊച്ചി:** ദക്ഷിണേന്ത്യൻ നഗരങ്ങളിൽ 22 പുതിയ ഓഫീസുകൾ കൂട്ടിച്ചേർത്തുകൊണ്ട് വിതരണ രംഗം വിപുലീകരിക്കുന്നതിനു 'ആരോഹൻ' സംരംഭം ആരംഭിച്ച് മാക്സ് ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്. ഉപഭോക്തൃ കേന്ദ്രീകൃത ഇൻഷുറൻസ് ബോധവൽക്കരണ പരിപാടികളിലൂടെയും ലൈഫ് അഡ്വൈസർ റിക്രൂട്ട്മെന്റുകളിലൂടെയും ഈ വിപണികളിൽ സാന്നിധ്യം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ദക്ഷിണേന്ത്യയിലുടനീളമുള്ള ഏകദേശം 24 ലക്ഷം ഉപഭോക്താക്കൾക്ക് സേവനം നൽകുന്ന മാക്സ് ലൈഫ്, പ്രാദേശിക ലൈഫ് ഉപദേഷ്ടാക്കളിലൂടെ ലൈഫ് ഇൻഷുറൻസ് സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.കൂടാതെ, മാക്സ് ലൈഫിന്റെ 'ഡിജിസാർത്തി' പദ്ധതിയുടെ ഭാഗമായി, ആരോഹന്റെ കീഴിൽ ദക്ഷിണേന്ത്യയിലെ 22 പുതിയ ശാഖകൾ 100% ഡിജിറ്റലാക്കുക എന്നതും ലക്ഷ്യമാണ്. ഇത് വെർച്വൽ സഹായം പോലുള്ള ആധുനിക ഡിജിറ്റൽ സേവനങ്ങൾ സാധ്യമാക്കും. 2047ഓടെ എല്ലാവർക്കും ഇൻഷുറൻസ് എന്ന ഐആർഡിഎഐയുടെ കാഴ്ചപ്പാടുമായി ആരോഹൻ സംരംഭം യോജിക്കുന്നുവെന്നും അതുവഴി എല്ലാ സമൂഹങ്ങളെയും ശാക്തീകരിക്കുമെന്നും മാക്സ് ലൈഫ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ സുമിത് മദൻ പറഞ്ഞു.

# സിദ്ധി ഹോംസ് പുതിയ ഓഫീസ് തുറന്നു

**കൊച്ചി:** പ്രമുഖ ബിൽഡറായ സിദ്ധി ഹോംസ് പുതിയ ഓഫീസ് തുറന്നു. തൃപ്പൂണിത്തുറ വടക്കേക്കോട്ട സിദ്ധി ശ്രീകലയിലെ പുതിയ ഓഫീസ് തൃപ്പൂണിത്തുറ മുനിസിപ്പൽ ചെയർപേഴ്സൺ രമ സന്തോഷ് ഉദ്ഘാടനം ചെയ്തു. ബാങ്ക് ഓഫ് ബറോഡ എറണാകുളം റീജനൽ ഹെഡ് ശ്രീജിത് കൊട്ടാരത്തിൽ മുഖ്യാതിഥിയായി. 2007ൽ പ്രവർത്തനമാരംഭിച്ച കമ്പനി ഇതുവരെ 18 പദ്ധതികൾ നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറിയെന്ന് ചടങ്ങിൽ സംസാരിച്ച മാനേജിംഗ് പാർട്ണർ ഷൈലൻ എം ആർ പറഞ്ഞു. നിലവിൽ 4 പദ്ധതികളുടെ നിർമാണം പുരോഗമിക്കുന്നു. തൃപ്പൂണിത്തുറ ഇരുമ്പനം സീപോർട്ട്എയർപോർട്ട് റോഡിൽ നിർമാണമാരംഭിക്കുന്ന ലക്ഷറി 3, 4 ബിഎച്ച്കെ വില്ലകളുടേതാണ് പുതിയ പദ്ധതി.






സൊസൈറ്റി ടുഡേ
SOCIETY TODAY

# ഉൽസവ സീസൺ; വിൽപ്പന ഫീസിൽ കുറവു വരുത്തി ആമസോൺ

**കൊച്ചി:** ഉൽസവ സീസണു മുന്നോടിയായി ആമസോൺ സെപ്റ്റംബർ ഒൻപതു മുതൽ വിവിധ വിഭാഗങ്ങളിലെ വിൽപന ഫീസ് ഗണ്യമായി കുറച്ചു. ഉൽസവ കാലത്ത് വിൽപനക്കാരുടെ ബിസിനസ് വർധിപ്പിക്കാനും ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്താനും ഉദ്ദേശിച്ചാണ് ഈ നീക്കം. മൂന്നു ശതമാനം മുതൽ 12 ശതമാനം വരെ കുറവാണ് വരുത്തിയിരിക്കുന്നത്. 500 രൂപയ്ക്ക് താഴെ വിലയുള്ള ഉൽപന്നങ്ങൾ വിൽക്കുന്നവർക്ക് ഇത് ഏറെ ഗുണകരമാകും. ഉദാഹരണത്തിന് 299 രൂപയുടെ പ്രിൻറഡ് ടീ ഷർട്ട് ഓഫർ നൽകുന്ന വിൽപനക്കാരന് മുൻപത്തെ 13.5 ശതമാനം എന്ന സ്ഥാനത്ത് രണ്ടു ശതമാനം റെഫറൽ ഫീ മാത്രമാകും നൽകേണ്ടി വരിക. ഓരോ യൂണിറ്റിനും 34 രൂപയുടെ ലാഭമാകും ഇതിലൂടെ ലഭിക്കുക. ഹോം ഫർണിഷിങിന് 9 %, ഇൻഡോർ ലൈറ്റിങിന് 8 %, ഹോം പ്രൊഡക്ട്സിന് 8 % എന്നീ നിരക്കു കുറവുണ്ടാകും.

ആമസോൺ എല്ലാ വിഭാഗം വിൽപനക്കാരേയും പ്രോൽസാഹിപ്പിക്കുകയാണെന്നും തങ്ങളുടെ വിൽപ്പനക്കാരിൽ നിന്നു ലഭിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ നടപടിന്നെും ഇതേക്കുറിച്ചു സംസാരിക്കവെ ആമസോൺ ഇന്ത്യയുടെ സെല്ലിങ് പാർട്ട്ണർ സർവീസസ് ഡയറക്ടർ അമിത് നന്ദ പറഞ്ഞു.



# ഇന്ത്യയിലെ പെഡൽ സ്പോർട്സ് മുന്നേറ്റത്തിന് പാർത്ഥ് ജിൻഡാൽ

**കൊച്ചി:** രാജ്യത്ത് പെഡൽ സ്പോർട്സിനായി സമഗ്ര നീക്കങ്ങൾ നടത്തുന്ന പെഡൽപാർക്ക് ഇന്ത്യയിൽ ജെഎസ്ഡബ്ല്യു സ്പോർട്സ് ആൻറ് ഇൻസ്പയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സ്ഥാപകൻ പാർത്ഥ് ജിൻഡാൽ പുതിയ നിക്ഷേപങ്ങൾ നടത്തി.മെക്സിക്കോയിൽ വേരുകളുള്ള പെഡൽ സ്പോർട്സ് കഴിഞ്ഞ ഏതാനും വർഷങ്ങളായി യൂറോപ്പിലും ലോകത്തിൻറെ മറ്റു ഭാഗങ്ങളിലും വൻ ജനപ്രീതി നേടിക്കൊണ്ടിരിക്കുകയാണ്. 2016ൽ ലോകത്താകെ 10,000ത്തോളം കോർട്ടുകളുണ്ടായിരുന്നത് 2024ൽ 50,000 ആയി ഉയർന്നു. 2026ൽ ഇത് 60,000 ആകുമെന്നാണ് പ്രതീക്ഷ.

കഴിഞ്ഞ വർഷം ലോകത്ത് പുതിയ 2500 പെഡൽ ക്ലബ്ബുകളാണ് ആരംഭിച്ചത്. ആഗോള തലത്തിൽ 2.2 ബില്യൺ ഡോളറിൻറെ വ്യവസായമായാണ് പെഡൽ മേഖല കണക്കാക്കപ്പെടുന്നത്. ലോകത്ത് അതിവേഗം പ്രചാരം നേടി വരുന്ന പെഡൽ ഭാവിയിൽ ഒരു ഒളിമ്പിക് ഇനമാകുമെന്ന കാര്യത്തിൽ സംശയമില്ലെന്നും ഇന്ത്യയിൽ ഈ സ്പോർട്സിനായുള്ള സൗകര്യങ്ങൾ വികസിപ്പിക്കാൻ പെഡൽപാർക്ക് ശ്രമിക്കുകയാണെന്നും ജെഎസ്ഡബ്ല്യു സ്പോർട്ട്സ് & ഐഐഎസ് സ്ഥാപകൻ പാർത്ഥ് ജിൻഡാൽ പറഞ്ഞു.

# ഇൻറർനാഷണൽ ജെമ്മോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** പ്രകൃതിദത്ത വജ്രങ്ങൾ, ലബോറട്ടറിയിൽ വികസിപ്പിച്ച വജ്രങ്ങൾ, നിറമുള്ള കല്ലുകൾ തുടങ്ങിയവരുടെ സർട്ടിഫിക്കേഷനും അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട സേവനങ്ങളും വിദ്യാഭ്യാസ പരിപാടികളും ലഭ്യമാക്കുന്ന ബ്ലാക്ക്സ്റ്റോൺ പോർട്ട്ഫോളിയോ കമ്പനിയായ ഇൻറർനാഷണൽ ജെമ്മോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു.

1,250 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ, ഓഹരി ഒന്നിന് രണ്ട് രൂപ മുഖവിലയുള്ള 2,750 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# മത്സ്യോൽപാദനം കൂട്ടും

# ഉപജീവനം മെച്ചപ്പെടുത്തും: കേന്ദ്ര മന്ത്രി

**കൊച്ചി:** മത്സ്യോൽപാദനം വർധിപ്പിക്കലും മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും ഉപജീവനം മെച്ചപ്പെടുത്തലും അടിസ്ഥാനസൗകര്യവികസനവുമാണ് ഫിഷറീസ് മേഖലയിൽ കേന്ദ്ര സർക്കാറിന്റെ പ്രധാന മുൻഗണനകളെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി പ്രൊഫ. എസ് പി സിങ് ബാഗേൽ പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ കേന്ദ്ര ഫിഷറീസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന്റെ ഭാഗമായായിരുന്നു സന്ദർശനം.

പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതിക്ക് കീഴിൽ സബ്സിഡികളും സാമ്പത്തിക സഹായങ്ങളും നൽകിവരുന്നുണ്ട്. ഈ പദ്ധതിക്ക് കീഴിൽ 1148.88 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 202425 ഓടെ ഇന്ത്യയുടെ മത്സ്യോൽപാദനം 22 ദശലക്ഷം ടണ്ണിലെത്താനാണ് ലക്ഷ്യമിടുന്നത്.

ഈ വർഷം മാർച്ച് വരെ മൂന്ന് ലക്ഷത്തിലേറെ (301309) കിസാൺ ക്രെഡിറ്റ് കാർഡുകൾ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും വിതരണം ചെയ്തു. ധാരാളം സാധ്യതകളുള്ളതാണ് മാരികൾച്ചർ. കടലിലെ കൂടുമത്സ്യകൃഷി, കടൽപായൽ കൃഷി, സംയോജിത കൃഷീതിയായ ഇംറ്റ തുടങ്ങിയവ മത്സ്യമേഖലയിൽ ഉപജീവനം മെച്ചപ്പെടുത്താൻ സഹായകരമാണ്.

അടിസ്ഥാനസൗകര്യങ്ങളുടെ നവീകരണത്തിലും കേന്ദ്ര സർക്കാർ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ലാൻഡിംഗ് സെന്ററുകളുടെ ആധുനികവൽകരണം, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ, അത്യാധുനിക മത്സ്യസംസ്കരണ യൂണിറ്റുകൾ എന്നിവ ലക്ഷ്യമിട്ടാണ് ഫിഷറീസ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലെപ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

സമുദ്രമത്സ്യരംഗത്ത് മുന്നേറ്റം സാധ്യമാക്കുന്നതിന് സിഎംഎഫ്ആർഐ നടത്തിയ ഗവേഷണ സംരംഭങ്ങൾ സഹായിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയിൽ നടന്ന അവലോകന യോഗത്തിൽ, ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ്, സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ്ജ് നൈനാൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി ആൻഡ് ട്രെയിനിംഗ് ഡയറക്ടർ ഡോ ഷൈൻ കുമാർ സി എസ്, ഫിഷറീസ് സർവേ ഓഫ് ഇന്ത്യയുടെ സോണൽ ഡയറക്ടർ, സിഫ്നറ്റ്, സംസ്ഥാന ഫിഷറീസ്, മൃഗസംരക്ഷണ വകുപ്പുകൾ എന്നിവയിലെ ഉദ്യോഗസ്ഥർ സംബന്ധിച്ചു.

# സംസ്ഥാനത്തെ ആശുപത്രി വികനത്തിന് 69.35 കോടിയുടെ പദ്ധതികൾക്ക് അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാനത്ത് ആരോഗ്യ രംഗത്ത് കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ കൂടുതൽ പദ്ധതികൾക്ക് അനുമതി ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ദേശീയ ആരോഗ്യ ദൗത്യം മുഖേന കേരളം നടപ്പാക്കുന്ന 202425ലെ വാർഷിക പദ്ധതികൾക്കാണ് അനുമതി ലഭ്യമായത്. 69.35 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തികൾക്കാണ് കേന്ദ്ര അംഗീകാരം ലഭിച്ചത്. 60 ശതമാനം കേന്ദ്ര ഫണ്ടും 40 ശതമാനം സംസ്ഥാന ഫണ്ടും ഉപയോഗിച്ചാണ് ദേശീയ ആരോഗ്യ ദൗത്യം പദ്ധതികൾ നടപ്പിലാക്കുന്നത്. ആശുപത്രികളിൽ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾക്ക് പുറമേയാണ് ഈ പദ്ധതികൾ അനുവദിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

29 ആരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം നൽകിയത്. കോട്ടയം കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ 50 കിടക്കകളുള്ള മാതൃ ശിശു മന്ദിരം പണിയുന്നതിനായി 6.16 കോടി രൂപ അംഗീകാരം നൽകി. കൊല്ലം, കോഴിക്കോട് ജില്ലകളിൽ ഓരോ വെയർഹൗസുകൾ നിർമ്മിക്കുന്നതിനായി 4.70 കോടി വീതം വകയിരുത്തി. കാസർഗോഡ് ടാറ്റ ആശുപത്രിയിൽ പുതിയ ഒപി, ഐപി കെട്ടിടം പണിയുന്നതിന് 4.5 കോടി, മലപ്പുറം ജില്ലയിൽ സ്കിൽ ലാബ്, ട്രെയിനിങ് സെന്റർ എന്നിവയ്ക്കായി 3.33 കോടി, എറണാകുളം ജില്ലയിൽ പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ഒ.പി ബ്ലോക്ക്, കാഷ്വാലിറ്റി എന്നിവ നവീകരിക്കാൻ 3.87 കോടി എന്നിങ്ങനേയും അംഗീകാരം നൽകി.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഡയഗ്നോസ്റ്റിക് ബ്ലോക്ക് ശക്തിപ്പെടുത്താനായി 3 കോടി, ഇടുക്കി ഇടമലക്കുടി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 1.70 കോടി, ഇടുക്കി ജില്ലാ ആശുപത്രി ഗൈനക്കോളജി വിഭാഗം ശക്തിപ്പെടുത്താൻ 3 കോടി, മലപ്പുറം പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പീഡിയാട്രിക് വാർഡ്, വയനാട് വൈത്തിരി ആശുപത്രിയിൽ ഐപി ബ്ലോക്ക് ശക്തിപ്പെടുത്താൻ 1.50 കോടി, ഗൈനക് പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് 2.09 കോടി, കണ്ണൂർ പഴയങ്ങാടി ആശുപത്രിയിൽ കാഷ്വാലിറ്റി ബ്ലോക്കിന് 2.10 കോടി, കാസർഗോഡ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഒപ്പറേഷൻ തീയേറ്റർ നവീകരിക്കുന്നതിന് 3.11 കോടി എന്നിങ്ങനേയും അംഗീകാരം നൽകിയിട്ടുണ്ട്.



# ചിരിപ്പിക്കും ചിന്തിപ്പിക്കും




ചിരിയും ചിന്തയും സമ്മാനിക്കുന്ന പാലും പഴവും. വി കെ പ്രകാശ് സംവിധാനം ചെയ്ത് മലയാളികളുടെ എക്കാലത്തെയും പ്രിയ നടി മീരാ ജാസ്മിനും യുവനടന്മാരിൽ ശ്രദ്ധേയനായി മാറുന്ന അശ്വിനും കേന്ദ്രകഥാപാത്രങ്ങളായി എത്തുന്ന പാലും പഴവും എന്ന ചിത്രത്തെക്കുറിച്ച് ഒറ്റവാചകത്തിൽ പറയാൻ കഴിയുന്നത് ഇങ്ങനെയാണ്. മലയാളികളുടെ പ്രിയപ്പെട്ട സംവിധായകരിൽ ഒരാളായ വികെപി എന്ന് മുന്നക്ഷരത്തിൽ അറിയപ്പെടുന്ന വി.കെ പ്രകാശിന്റെ സംവിധാന മികവിന്റെ മറ്റൊരു ഉദാഹരണമാണ് പാലും പഴവും. പേരിൽ നിന്നു തന്നെ ചിത്രം എങ്ങനെയുള്ളതാണെന്ന് ഏകദേശ രൂപം ലഭിക്കും. ഏതു പ്രായത്തിൽപ്പെട്ടവരും ചിന്തിക്കേണ്ട ഗൗരവമായ ഒരു വിഷയത്തെ നർമ്മത്തിന്റെ അകമ്പടിയോടെ അവതരിപ്പിക്കുന്ന ചിത്രമാണ് പാലും പഴവും. ഇൻസ്റ്റാംഗ്രാം ഉൾപ്പെടെയുള്ള മറ്റു നവമാധ്യമങ്ങൾ മലയാളികൾക്കിടയിൽ

പ്രചാരത്തിലാകുന്നതിനു മുമ്പ് ഏവരുടെയും ഹരമായിരുന്ന ഫേസ് ബുക്കാണ് ചിത്രത്തിലെ ഒരു പ്രധാന ഘടകം. ഫ്രീക്കായി പ്രത്യേകിച്ച് വലിയ ലക്ഷ്യങ്ങളൊന്നുമില്ലാതെ നടക്കുന്ന അമ്മയുടെ വാവയായ 23 കാരൻ സുനിലും (അശ്വിൻ), ഒട്ടേറെ മാനസിക സംഘർഷങ്ങളിലൂടെ കടന്നു പോകുന്ന 33 വയസുകാരി സുമി(മീരാ ജാസ്മിൻ)യും അപ്രതീക്ഷിതമായി ഫേസ് ബുക്കിലൂടെ പരിചയപ്പെടുന്നതും തങ്ങളുടെ പ്രായം പരസ്പരം അറിയാതെ അവർ പ്രണയിക്കുകയും പെട്ടെന്നൊരുനാൾ വീട്ടുകാർ അറിയാതെ രജിസ്റ്റർ വിവാഹം കഴിക്കുന്നതും തുടർന്നുള്ള അവരുടെ ജീവിതത്തിനു അവരുടെ പ്രായം വെല്ലുവിളിയാകുകയും ചെയ്യുന്നതിലൂടെയാണ് ചിത്രത്തിന്റെ കഥ വികസിക്കുന്നത്. കുസൃതിയും ഒപ്പം ആഴത്തിൽ ഹൃദയത്തിൽ സ്പർശിക്കുന്ന കഥാപാത്രവുമായി മീരാ ജാസ്മിൻ വീണ്ടും മലയാളി പ്രേക്ഷകരുടെ ഹൃദയത്തിൽ തനിക്കുള്ള സ്ഥാനം ഊട്ടി ഉറപ്പിച്ചു. അശ്വിനും സുനിൽ എന്ന കഥാപാത്രത്തെ തന്മയത്വത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. നർമ്മം വിതറുന്ന സംഭാഷണങ്ങളും രംഗങ്ങളുമായി അശോകന്റെ ബാങ്ക് മാനേജറും, സുമേഷ് ചന്ദ്രന്റെ പ്യൂണും തീയ്യറ്ററിൽ പൊട്ടിച്ചിരി ഉയർത്തുന്നുണ്ട്. ഇവരെ കൂടാതെ മണിയൻപിള്ള രാജു, ശാന്തികൃഷ്ണ, രചന നാരായണൻകുട്ടി,നിഷ സാരംഗ്,മിഥുൻ രമേഷ്,ആദിൽ ഇബ്രാഹിം, രഞ്ജിത് മണമ്പ്രക്കാട്ട് എന്നിവരും മികച്ച അഭിനയമാണ് ചിത്രത്തിൽ നടത്തിയിരിക്കുന്നത്. ടു ക്രിയേറ്റീവ് മൈൻഡ്സിന്റെ ബാനറിൽ വിനോദ് ഉണ്ണിത്താനും സമീർ സേട്ടും ചേർന്നാണ് ചിത്രത്തിന്റെ നിർമ്മാണം. ചിത്രത്തിന്റെ കഥ, തിരക്കഥ, സംഭാഷണം ആഷിഷ് രജനി ഉണ്ണികൃഷ്ണൻ ആണ് നിർവ്വഹിച്ചിരിക്കുന്നത്.ഛായാഗ്രഹണം രാഹുൽ ദീപ്. എഡിറ്റർ പ്രവീൺ പ്രഭാകർ. സംഗീതം ഗോപി സുന്ദർ, സച്ചിൻ ബാലു, ജോയൽ ജോൺസ് , ജസ്റ്റിൻ ഉദയ്. വരികൾ സുഹൈൽ കോയ,നിതീഷ് നടേരി, വിവേക് മുഴക്കുന്ന് , ടിറ്റോ പി തങ്കച്ചൻ.പശ്ചാത്തല സംഗീതം ഗോപി സുന്ദർ, സൗണ്ട് ഡിസൈനർ & മിക്സിങ് സിനോയ് ജോസഫ്.പ്രൊഡക്ഷൻ ഡിസൈനർ സാബു മോഹൻ,മേക്കപ്പ് ജിത്തു പയ്യന്നൂർ,കോസ്റ്റ്യൂം ആദിത്യ നാനു.ചീഫ് അസോസിയേറ്റ് ഡയറക്ടർ ആശിഷ് രജനി ഉണ്ണികൃഷ്ണൻ, അസോസിയേറ്റ് ഡയറക്ടർസ് ബിബിൻ ബാലചന്ദ്രൻ , അമൽരാജ് ആർ.പ്രൊഡക്ഷൻ കൺട്രോളർ നന്ദു പൊതുവാൾ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ശീതൾ സിംഗ്.ലൈൻ പ്രൊഡ്യൂസർ സുഭാഷ് ചന്ദ്രൻ പ്രൊജക്റ്റ് ഡിസൈനർ ബാബു മുരുഗൻ, പി ആർ ഓ മഞ്ജു ഗോപിനാഥ്.സ്റ്റിൽസ് അജി മസ്കറ്റ്.




# പൂർത്തിയായി



തമിഴ് താരം കതിർ, ഷൈൻ ടോം ചാക്കോ, ഹക്കീം ഷാ, സുധി കോപ്പാ, ശ്രീകാന്ത് മുരളി, ജിയോ ബേബി തുടങ്ങിയവരെ പ്രധാന കഥാപാത്രങ്ങളാക്കി എംസി ജോസഫ് സംവിധാനം ചെയ്യുന്ന മീശ എന്ന ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയായി.യൂണികോൺ മൂവിസിന്റെ ബാനറിൽ സജീർ ഗഫൂർ നിർമ്മിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം സുരേഷ് രാജൻ നിർവ്വഹിക്കുന്നു. സംഗീതം സൂരജ് എസ് കുറുപ്പ്,എഡിറ്റിംഗ് മനോജ്, പ്രൊഡക്ഷൻ കൺട്രോളർപ്രവീൺ ബി. മേനോൻ, ലൈൻ പ്രൊഡ്യൂസർ സണ്ണി തഴുത്തല,കലാസംവിധാനം മഹേഷ്,മേക്കപ്പ് ജിതേഷ് പൊയ്യ,കോസ്റ്റ്യൂംസ് സമീറ സനീഷ്,സ്റ്റിൽസ് ബിജിത്ത് ധർമ്മടം,ഡിസൈൻ തോട്ട് സ്റ്റേഷൻ,പി ആർ ഒഎ എസ് ദിനേശ്.




# കഥ ഇന്നുവരെ സെപ്റ്റംബർ 20ന്

മേപ്പടിയാൻ എന്ന ചിത്രത്തിന് ശേഷം ബിജു മേനോനെ നായകനാക്കി ദേശീയ അവാർഡ് ജേതാവായ വിഷ്ണു മോഹൻ സംവിധാനം ചെയ്യുന്ന രണ്ടാമത്തെ ചിത്രമായ 'കഥ ഇന്നുവരെ' സെപ്റ്റംബർ 20നു പ്രദർശനത്തിനെത്തും. പ്രശസ്ത നർത്തകിയായ മേതിൽ ദേവികയാണ് നായികയായിട്ട് എത്തുന്നത്. ആദ്യമായിട്ടാണ് മേതിൽ ദേവിക ഒരു സിനിമയിൽ അഭിനയിക്കുന്നത്.നിഖില വിമൽ, ഹക്കീം ഷാജഹാൻ, അനുശ്രീ, അനു മോഹൻ, സിദ്ധിഖ്, രഞ്ജി പണിക്കർ, കോട്ടയം രമേശ്, കൃഷ്ണപ്രസാദ്, അപ്പുണ്ണി ശശി, കിഷോർ സത്യ, ജോർഡി പൂഞ്ഞാർ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. വിഷ്ണു മോഹൻ സ്റ്റോറീസിന്റെ ബാനറിൽ വിഷ്ണു മോഹനും, ഒപ്പം ജോമോൻ ടി ജോൺ, ഷമീർ മുഹമ്മദ്, ഹാരിസ് ദേശം, അനീഷ് പിബി, കൃഷ്ണമൂർത്തി എന്നിവർ ചേർന്നാണ് 'കഥ ഇന്നുവരെ' നിർമിക്കുന്നത്. ഛായാഗ്രഹണം ജോമോൻ ടി ജോൺ, എഡിറ്റിങ്ഷമീർ മുഹമ്മദ്,സംഗീതം അശ്വിൻ ആര്യൻ, പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകർ, പ്രൊഡക്ഷൻ ഡിസൈനർസുഭാഷ് കരുൺ,കോസ്റ്റ്യൂംസ് ഇർഷാദ് ചെറുകുന്ന്, മേക്കപ്പ്സുധി സുരേന്ദ്രൻ,പ്രോജക്ട് ഡിസൈനർവിപിൻ കുമാർ, വിഎഫ്എക്സ് കോക്കനട്ട് ബഞ്ച്, സൗണ്ട് ഡിസൈൻ ടോണി ബാബു,സ്റ്റിൽസ് അമൽ ജെയിംസ്, ഡിസൈൻസ് ഇല്യൂമിനാർട്ടിസ്റ്, പ്രൊമോഷൻസ് 10ജി മീഡിയ, കേരളത്തിൽ ഐക്കൺ സിനിമാസ്, ഗൾഫിൽ ഫാർസ് ഫിലിംസ് എന്നിവരാണ് ഡിസ്ട്രിബൂഷൻ നിർവഹിക്കുന്നത്.പി ആർ ഒഎ എസ് ദിനേശ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇളവുകളുമായി സാംസങ് ഗ്യാലക്സി എ 55 5ജി, ഗ്യാലക്സി എ35 5ജി




**കൊച്ചി:** സാംസങ് ഗ്യാലക്സി എ55 5ജി, ഗ്യാലക്സി എ35 5ജി മോഡലുകൾക്ക് വിലയിൽ ഇളവുകൾ പ്രഖ്യാപിച്ചു. സാംസങിന്റെ ഫ്‌ളാഗ്ഷിപ്പ് ഫോണുകളിൽ മുൻനിരയിലുള്ള മോഡലുകളായ ഗ്യാലക്സി എ55 5ജി, ഗ്യാലക്സി എ35 5ജി എന്നിവ ഗൂഗിൾ സർക്കിൾ ടു സെർച്ച് എഐ ഫീച്ചറോടുകൂടിയവയാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

പുതിയ ഓഫറുകൾ പ്രകാരം ഗ്യാലക്സി എ55 5ജി 33999 രൂപ മുതലും, ഗ്യാലക്സി എ35 5ജി 25999 രൂപ മുതലും ഉപഭോക്താക്കൾക്ക് ലഭ്യമാകും. കുറഞ്ഞ ദിവസത്തേക്ക് മാത്രമാണ് ഈ സ്പെഷ്യൽ നിരക്ക് ഉപഭോക്താക്കൾക്കായി ലഭിക്കുക. ഗൊറില്ല ഗ്ലാസ് വിക്ടസ് പ്ലസ്, എഐ മികവോടുകൂടിയ ക്യാമറ ഫീച്ചറുകൾ, സാംസങ് ക്നോക്സ് വാൾട്ട്, 4 ഒഎസ് അപ്ഗ്രേഡുകൾ, 5 വർഷ സെക്യൂരിറ്റി അപ്ഡേറ്റ്സ് തുടങ്ങിയ ഫ്‌ളാഗ്ഷിപ്പ് ഫീച്ചറുകൾ സാംസങ് ഗ്യാലക്സി എ55 5ജി, ഗ്യാലക്സി എ35 5ജി മോഡലുകളിൽ സാംസങ് സജ്ജമാക്കിയിട്ടുണ്ട്. മുൻനിര ബാങ്കുകളിൽ നിന്ന് ക്രെഡിറ്റ് കാർഡ് മുഖേന പർച്ചേസ് ചെയ്യുമ്പോൾ ഗ്യാലക്സി എ55 5ജിയിൽ 6000 രൂപ വരെയും, ഗ്യാലക്സി എ35 5ജിയിൽ 5000 രൂപ വരെയും ഉപഭോക്താക്കൾക്ക് ആകർഷകമായ ക്യാഷ് ബാക്ക് ഓഫറുകളും സ്വന്തമാക്കാം. 6 മാസം വരെ ഇഎംഐ സൗകര്യവും ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. ഗ്യാലക്സി എ55 5ജിയിൽ 6000 രൂപ വരേയും, എ35 5ജിയിൽ 5000 രൂപ വരേയും അപ്ഗ്രേഡ് ബോണസ് കരസ്ഥമാക്കാനുള്ള അവസരവും ഉപഭോക്താക്കൾക്കുണ്ട്. ബാങ്ക് ക്യാഷ് ബാക്ക് ഓഫറോ, അപ്ഗ്രേഡ് ബോണസോ ഉപഭോക്താവിന് തെരഞ്ഞെടുക്കാം.സാംസങ്.കോം. സാംസങ് സ്റ്റോറുകൾ മറ്റ് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ സാംസങ് ഗ്യാലക്സി എ55 5ജി, ഗ്യാലക്സി എ35 5ജി മോഡലുകൾ വാങ്ങിക്കാം. ഓസം ലൈലാക്, ഓസം ഐസ് ബ്ലൂ, ഓസം നേവി എന്നീ നിറങ്ങളിലാണ് ഗ്യാലക്സി എ35 5ജി ലഭ്യമായിട്ടുള്ളത്. ഓസം ഐസ് ബ്ലൂ, ഓസം നേവി എന്നീ നിറങ്ങളില് ഗ്യാലക്സി എ55 5ജി ലഭിക്കും.

# പുതിയ സാങ്കേതികവിദ്യയുമായി ഓറിയന്റൽ ട്രൈമെക്സ്

**കൊച്ചി:** നാചുറൽ സ്റ്റോൺ പ്രൊസസിങ്ങിന് ഇന്ത്യയിൽ ആദ്യമായി ഡയമണ്ട് കേബിൽ ഗാംഗ്സോ മെഷീനുകൾ അവതരിപ്പിച്ച് ഓറിയന്റൽ ട്രൈമെക്സ് ലിമിറ്റഡ്. ഗ്രാനൈറ്റ്, മാർബിൾ വ്യവസായ രംഗത്തെ പ്രമുഖരായ ഓറിയന്റൽ ട്രൈമെക്സിന്റെ ചെന്നൈ ഗുമ്മിഡിപൂണ്ഡിയിലുള്ള പ്ലാന്റിലാണ് ഈ മെഷീൻ സ്ഥാപിക്കുക. ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്ത് ഈ യന്ത്രം വജ്ര ആവരണമുള്ള കേബിളുകളുപയോഗിച്ചാണ് നാചുറൽ സ്റ്റോണുകൾ കൃത്യമായി സ്ലാബുകളാക്കി മാറ്റുക. സാധാരണ യന്ത്രങ്ങളേക്കാൾ മൂന്നിരട്ടി വേഗത കൂടിയ യന്ത്രമാണിത്. ഈ മേഖലയിൽ പുതിയ നിക്ഷേപവുമായി വലിയ വളർച്ചയ്ക്കാണ് കമ്പനി ഒരുങ്ങുന്നത്. ഗ്രേറ്റർ നോയിഡയിൽ കമ്പനിയുടെ 21000 ചതുരശ്ര അടി വിസ്തൃതിയുള്ള വിശാല ഷോറൂം അടുത്ത മാസം തുറക്കാനിരിക്കുകയാണ്. ഓഡീഷയിലെ മാൽക്കൻഗിരി ജില്ലയിൽ പുതിയ ജെറ്റ് ബ്ലാക്ക് ഗ്രാനൈറ്റ് ഖനനത്തിന് 12.2 ഏക്കർ വിശാലമായ ക്വോറി സംസ്ഥാന സർക്കാരിൽ നിന്നും 30 വർഷത്തിന് പാട്ടത്തിനെടുത്തിട്ടുണ്ട്. കൂടാതെ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും പദ്ധതിയിലുണ്ട്. ചെലവ് കുറഞ്ഞ ഇന്ത്യൻ ഗ്രാനൈറ്റ്, ചൈനയിൽ നിന്നുള്ള നാനോ സ്റ്റോൺസ് തുടങ്ങിയവും വിപണിയിലെത്തിക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാന യുവജനക്ഷേമ ബോർഡ് കിർലോസ്കർ ഡീസൽ ജനറേറ്റർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. അവസാന തീയതി സെപ്റ്റംബർ 9 വൈകിട്ട് നാല് മണി. വിലാസം: മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് സെന്റർ, ദൂരദർശൻ കേന്ദ്രത്തിന് സമീപം, കുടപ്പനക്കുന്ന്. പി.ഒ, തിരുവനന്തപുരം.

# വാട്ട്സ്ആപ്പ് ബാങ്കിംഗ്; പുതിയ ഫീച്ചറുകൾ ഉൾപ്പെടുത്തി പഞ്ചാബ് നാഷണൽ ബാങ്ക്

**ന്യൂഡൽഹി :** മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) പുതിയ ഫീച്ചറുകൾ ഉൾപ്പെടുത്തി തങ്ങളുടെ വാട്ട്സ്ആപ്പ് ബാങ്കിംഗ് സേവനങ്ങൾ മെച്ചപ്പെടുത്തി. ഉപഭോക്താക്കൾക്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും പലിശ സർട്ടിഫിക്കറ്റുകളും വാട്ട്സ്ആപ്പ് വഴി നേരിട്ട് ഡൗൺലോഡ് ചെയ്യാൻ അനുവദിക്കുന്ന രണ്ട് പുതിയ സേവനങ്ങൾ അവതരിപ്പിച്ചു. ബാലൻസ് അന്വേഷണങ്ങൾ, മിനി സ്റ്റേറ്റ്മെന്റുകൾ, ചെക്ക് ബുക്ക് അഭ്യർത്ഥനകൾ, അടിയന്തര സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന പിഎൻബിയുടെ വാട്ട്സ്ആപ്പ് ബാങ്കിംഗിലൂടെ ലഭ്യമാണ്

അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഡൗൺലോഡ്: ഉപഭോക്താക്കൾക്ക് ഒരു ഇഷ്ടാനുസൃത കാലയളവിലെ (90 ദിവസം വരെ) അവരുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഡൗൺലോഡ് ചെയ്യാൻ ചെയ്യാം. സ്റ്റേറ്റ്മെന്റ് പാസ് വേഡ് സംരക്ഷിത പിഡിഎഫ് ആയി വാട്ട്സ്ആപ്പിൽ ലഭ്യമാക്കും.

പലിശ സർട്ടിഫിക്കറ്റ് ഡൗൺലോഡ്: ഉപഭോക്താക്കൾക്ക് ഭവനവായ്പയ്ക്കോ വിദ്യാഭ്യാസ വായ്പയ്ക്കോ ആവശ്യമായ സാമ്പത്തിക വർഷങ്ങളിലെ നിക്ഷേപ അക്കൗണ്ടുകൾക്കോ വേണ്ടിയുള്ള അവരുടെ പലിശ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാം പാസ്‌വേഡ് സംരക്ഷിത പിഡിഎഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കും.

ഈ പുതിയ സേവനങ്ങളോ പിഎൻബിയുടെ മറ്റേതെങ്കിലും വാട്ട്സ്ആപ്പ് ബാങ്കിംഗ് സേവനങ്ങളോ ആക്സസ് ചെയ്യുന്നതിന്, ഉപഭോക്താക്കൾക്ക് +919264092640ലേക്ക് 'ഹായ്' അല്ലെങ്കിൽ 'ഹലോ' എന്ന് അയച്ച് 'അക്കൗണ്ടുമായി ബന്ധപ്പെട്ട സേവനങ്ങൾ' തിരഞ്ഞെടുക്കുക വഴി സംഭാഷണം ആരംഭിക്കാം.

പിഎൻബിയുടെ വാട്ട്സ്ആപ്പ് ബാങ്കിംഗ് സേവനങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, https://www.pnbindia.in സന്ദർശിക്കുക

# എയറോൺ കോംപൊസിറ്റ് ലിമിറ്റഡ് പ്രഥമ ഓഹരി വിൽപ്പന 28ന്

**കൊച്ചി:** പോളിമർ ഉൽപ്പന്ന നിർമാണ രംഗത്തെ മുൻനിര കമ്പനിയായ എയറോൺ കോംപൊസിറ്റ് ലിമിറ്റഡ് പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ഓഗസ്റ്റ് 28ന് ആരംഭിക്കും. 10 രൂപ മുഖവിലയുള്ള 44.88 ലക്ഷം പുതിയ ഓഹരികളാണ് ഐപിഒയിലൂടെ വിറ്റഴിക്കുന്നത്. 121 125 രൂപയാണ് ഓഹരിയുടെ നിശ്ചിത വില. റീട്ടെയിൽ നിക്ഷേപകർക്ക് വാങ്ങാവുന്ന ഏറ്റവും കുറവ് ഓഹരികളുടെ എണ്ണം 1000 ആണ്. ഈ എസ്എംഇ പബ്ലിക് ഇഷ്യൂ വഴി 56.10 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം. നിക്ഷേപകർക്ക് ഓഗസ്റ്റ് 30വരെ ഓഹരി വാങ്ങാം. ഓഹരി വിൽപ്പനയിലൂടെ സമാഹരിക്കുന്ന തുകയിൽ 39 കോടി രൂപയും മൂലധന ചെലവുകൾക്കായി വിനിയോഗിക്കും. ഗുജറാത്തിലെ മെഹസാനയിൽ കമ്പനിയുടെ പുതിയ ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കാനായിരിക്കും ഇതുപയോഗിക്കുക.

